**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1129** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തീർത്ഥാടന-ടൂറിസം സർക്യൂട്ട് പദ്ധതി നിർവഹണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** തീർത്ഥാടന-ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ എത്ര പദ്ധതികളാണ് നടപ്പിലാക്കുവാൻ അനുമതി നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം ജില്ലയിൽ സ്ഥിതിചെയ്യുന്ന അതി പുരാതന ക്രൈസ്തവ ദേവാലയമായ പുതുക്കുന്ന് CSI ചർച്ച്, ചെല്ലമംഗലം ദേവീക്ഷേത്രം , അവുക്കുളം ശ്രീധർമ്മ ശാസ്താ ക്ഷേത്രം, കുശമുറ്റം ദേവീക്ഷേത്രം എന്നീ തീർത്ഥാടന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അമിനിറ്റി സെന്റർ നിർമ്മാണത്തിന് 2019-ൽ 8.3 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. M.S WAPCOS ആണ് പദ്ധതിയുടെ നിർവഹണ ഏജൻസി. പ്രസ്തുത പദ്ധതിയിൽ ഉൾപെട്ട ക്ഷേത്രത്തിലെ "ചെല്ലമംഗലം ദേവീ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് ആകെ 2,36,35,474/-രൂപയുടെ സാങ്കേതിക അനുമതിയാണ് ലഭ്യമായിട്ടുള്ളത് . ഗ്രൗണ്ട് ഫ്ലോർ പാന്റി, ഡൈനിംഗ് ഏരിയ എന്നിവയും ഒന്നാം നിലയിൽ ഓഡിറ്റോറിയം, ഗ്രീൻ റൂം, ഓഫീസ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു.

**(ബി)** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരത്തെ ചെല്ലമംഗലം ദേവീക്ഷേത്രത്തിൽ അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തൊക്കെ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പദ്ധതിയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; നിർമ്മാണപ്രക്രിയയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ചെല്ലമംഗലം അമ്പലത്തിൽ അമിനിറ്റി സെന്റർ സാങ്കേതിക അനുമതി പ്രകാരമുള്ള തുക പൂർണ്ണമായും ഉപയോഗിച്ച അമിനിറ്റി സെന്ററിന്റെ Structural works പൂർത്തിയാക്കിയിട്ടുണ്ട്.

**(ഡി)** ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഈ പദ്ധതിയിൽ ഉൾപെട്ട കുശമറ്റം ടെമ്പിൾ, ആവുകുളം ടെമ്പിൾ, പുതുക്കുന്ന് CSI ചർച്ച് എന്നിവിടങ്ങളിലെ അമിനിറ്റി സെന്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. ചെല്ലമംഗലം അമ്പലത്തിൽ അമിനിറ്റി സെന്റർ നിർമ്മാണ പ്രവൃത്തികൾ ഭരണാനുമതി പ്രകാരം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികമായ കാലതാമസം പരിഹരിക്കുന്നത് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**